# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2271 – 07/02/2019-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടം

**ചോദ്യം** **ഉത്തരം**

**ശ്രീ. എം. ഉമ്മർ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുന്നതിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | 15-ാം ധനകാര്യ കമ്മീഷന്റെ ഔദ്യോഗിക പ്രതികരണങ്ങളൊന്നും ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി | 2019-20 സാമ്പത്തിക വർഷം പൊതുവിപണിയിൽ നിന്നും എത്ര കോടി സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | 2019-20 -ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പൊതുവിപണിയിൽ നിന്നും 21233.96 കോടി രൂപ (തനി) സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട്; വിശദമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ 2018 നവംബർ വരെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) 45494.76 കോടി രൂപയാണ്. |
| ഡി | സംസ്ഥാനത്തിന്റെ ധനകമ്മി അനുവദനീയമായ മൂന്ന് ശതമാനത്തിൽ പരിമിതപ്പെടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**